## 13-ാം കേരള നിയമസഭ

## 2-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3870 18/10/2011-ൽ മറുപടിക്ക്

### കൽപ്പറ്റ ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ | ശ്രീ. പി. കെ. അബ്ദുറബ്ബ്<br>ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| (എ) | വയനാട് ജില്ലയിലെ കൽപ്പറ്റ എൻ.എം.എസ്.എം. ഗവൺമെന്റ് കോളേജിന്റെ വികസനവുമായി ബന്ധപ്പെട്ട് അദ്ധ്യാപക രക്ഷാകർതൃ സമിതിയുടെ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) & (ബി) | വയനാട് ജില്ലയിലെ കൽപ്പറ്റയിലുള്ള എൻ.എം.എസ്.എം. സർക്കാർ കോളേജിന്റെ വികസനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 2011-12 സാമ്പത്തിക വർഷം പ്രസ്തുത കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>1. ചെറുകിട നിർമ്മാണ പ്രവർത്തനങ്ങൾ<br>2. കളിസ്ഥലങ്ങളുടെ അറ്റകുറ്റപ്പണികൾ<br>3. സ്റ്റുഡന്റ്സ് അമിനിറ്റീസ്<br>4. മാച്ചിംഗ് ഗ്രാന്റ്<br>5. ലാബ്/ലൈബ്രറി വികസനം<br>6. കോളേജിന് നാക്കിന്റെ അംഗീകാരം<br>അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി മൊത്തം 12,60,100/- രൂപ ഈ സാമ്പത്തിക വർഷം പദ്ധതി വിഹിതമായി അനുവദിച്ചിട്ടുണ്ട്. |
| (ബി) | കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | | |
| (സി) | യൂണിവേഴ്സിറ്റി അംഗീകാരം ലഭിച്ച എം.എ. | (സി) | യൂണിവേഴ്സിറ്റി അംഗീകാരം ലഭിച്ച എം.എ ഇംഗ്ലീഷ് , |

| | |
|---|---|
| ഇംഗ്ലീഷ്,ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നു വിശദമാക്കുമോ? | ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിലേയ്ക്കായി വിശദമായ പ്രൊപ്പോസൽ നൽകുവാൻ പ്രിൻസിപ്പാളിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. വിശദമായ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത കോഴ്സുകൾ ആരംഭിക്കുന്നതു സംബന്ധിച്ച് ഉചിതമായ തുടർ നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത് |

സെക്ഷൻ ഓഫീസർ